# 25. നയീമ എന്ന ദുരന്തനായിക

നയീമ കുളിക്കുകയായിരുന്നു; സത്താർ ഒളിച്ചുനിന്ന് അവളുടെ നഗ്നസൗന്ദര്യം നുകരുകയും.

ഉത്തർപ്രദേശ് സംസ്ഥാനത്തിൽ മുസഫർനഗർ ജില്ലയിലുള്ള 'ഭോപ' എന്ന ചെറുനഗരത്തിൽനിന്ന് പത്തു മൈലോളം അകലെ ഗംഗാകനാലിന്റെ കരയിലുള്ള ഒരു ഗ്രാമമാണ് 'സീക്രി'. ഗ്രാമത്തിന്റെ ഓരത്തു പാർക്കുന്ന ഇസ്‌ലാമുദ്ദീന്റെ മകളായിരുന്നു സുന്ദരിയായ നയീമ. അവൾക്ക് പതിനാറു വയസ്സേ ആയിരുന്നുള്ളു. നയീമയുടെ നിക്കാഹ് നടന്നുകഴിഞ്ഞിരുന്നു. പക്ഷേ, അവൾ പുതിയാപ്ളയുടെ വീട്ടിലേക്കു താമസം മാററിയിരുന്നില്ല.

അയൽവീട്ടിലെ ചെറുപ്പക്കാരനായ സത്താർ ഒളിച്ചുനിന്ന് തന്നെ ഉററുനോക്കുന്നത് നയീമ കണ്ടു. സ്വാഭാവികമായി അവൾക്ക് അത് ഇഷ്ടമായില്ല. നയീമ തന്റെ വീട്ടുകാരോട് സത്താറിന്റെ മര്യാദകെട്ട പ്രവൃത്തിയെപ്പററി പരാതി പറഞ്ഞു. അവർ ആ യുവാവിനെ വിളിച്ചുവരുത്തി ചോദ്യംചെയ്തു. കൂട്ടത്തിൽ അല്പം 'ഭേദ്യ'വും നടന്നു. താൻ ഈ അപമാനത്തിനു പകരംവീട്ടുമെന്ന് സത്താർ പ്രതിജ്ഞചെയ്തു. 1989 ഫെബ്രുവരി അവസാനത്തിലാണ് ഈ സംഭവം ഉണ്ടായത്.

1989 മാർച്ച് 1–ാം തീയതി രാത്രി നയീമയുടെ വീട്ടുകാർ അത്താഴം കഴിക്കുകയായിരുന്നു. പെട്ടെന്ന് അവരുടെ നായ ഉറക്കെ കുരയ്ക്കാൻ തുടങ്ങി. ഏഴ് ആളുകൾ ഇരുമ്പുഗേററ് തള്ളിത്തുറന്ന് മുററത്തേക്കു വരുന്നത് നയീമയുടെ ഉമ്മ ജമീല കണ്ടു. ഇവരിൽ രണ്ടുപേരുടെ കൈയിൽ തോക്ക് ഉണ്ടായിരുന്നു. ഇസ്‌ലാമുദ്ദീന്റെ നെഞ്ചിനുനേരെ തോക്കു ചൂണ്ടി നായയെ കെട്ടിയിടാൻ അവർ ആജ്ഞാപിച്ചു. നയീമയുടെ കുടുംബക്കാർ കഴിച്ചുകൊണ്ടിരുന്ന അത്താഴം അവർ ഏഴു പേരും പങ്കിട്ടു കഴിച്ചു. ജമീലയെയും നയീമയെയും പുറത്തുനിർത്തി മററു കുടുംബാംഗങ്ങളെയെല്ലാം അവർ ഒരു മുറിയിൽ അടച്ചിട്ടു. ജമീലയെ അവർ തെറികൊണ്ട് അഭിഷേകംചെയ്തു. അവരിൽ നാലുപേർ ചേർന്ന് നയീമയെ പിടിച്ച് പുറത്തേക്കു കൊണ്ടുപോയി. വീട്ടുകാർ ലഹള കൂട്ടി അയൽക്കാരെ വിളിച്ചുകൂട്ടുന്നതു തടയാൻ മൂന്നുപേർ അവിടെത്തന്നെ കാവൽ നിന്നു. കുറെക്കഴിഞ്ഞ് അവരും സ്ഥലംവിട്ടു.

അക്രമികൾ പോയെന്ന് ഉറപ്പായപ്പോൾ ഇസ്‌ലാമുദ്ദീനും കുടുംബത്തിലെ മററ് അംഗങ്ങളും ഉറക്കെ നിലവിളിച്ചു. നൂറുകണക്കിനു ഗ്രാമീണർ നിലവിളി കേട്ട് അവിടെ തടിച്ചുകൂടി. നയീമയെ അക്രമികൾ തട്ടിക്കൊണ്ടുപോയ വിവരം അറിഞ്ഞപ്പോൾ ചുററുമുള്ള ഗ്രാമങ്ങളിൽച്ചെന്ന് അവർ അന്വേഷണം നടത്തി. പക്ഷേ, നയീമയെ എങ്ങും കണ്ടുകിട്ടിയില്ല.

അഞ്ചു മാസത്തിലധികം കഴിഞ്ഞ് ആഗസ്റ്റ് 11–ാം തീയതി ഇഞ്ചൗലി പോലീസ്‌സ്റ്റേഷന്റെ അതിർത്തിയിൽപ്പെട്ട ബഡസു ഗ്രാമത്തിൽ ഗംഗാ കനാലിന്റെ തീരത്ത് നയീമയുടെ മൃതശരീരം കിടക്കുന്നതു കാണപ്പെട്ടു. തുടയിൽ ഏററ ഒരു വെടിയായിരുന്നു അവളുടെ മരണകാരണം. അവൾ മരിച്ചിട്ട് ഏതാനും മണിക്കൂറുകളേ ആയിരുന്നുള്ളു. മരിക്കുമ്പോൾ അവൾ സാൽവാറും കമീസും പതിവായി ധരിക്കാറുള്ള ആഭരണങ്ങളും അണിഞ്ഞിരുന്നു. അവൾക്ക് ഗർഭമുണ്ടായിരുന്നു എന്ന് ശവപരിശോധനയിൽ വ്യക്തമായി.

നയീമയുടെ ബാപ്പ ഇസ്‌ലാമുദ്ദീനും ഗ്രാമവാസികളും ഇത്രയുംകാലം വെറുതെ ഇരിക്കുകയായിരുന്നില്ല. സീക്രിയിലെ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപ്രധാൻ (പഞ്ചായത്തു പ്രസിഡണ്ട്)ആയ ഷുജാ–ഉർ–റഹ്മാൻ എന്ന യുവാവിനെയുംകൂട്ടി ഇസ്‌ലാമുദ്ദീനും ജമീലയും മാർച്ച് 2–ാം തീയതി ഭോപാ നഗരത്തിലെ

പോലീസ്‌സ്റ്റേഷനിലെത്തി. തങ്ങളുടെ മകളെ അക്രമികൾ അപഹരിച്ചുകൊണ്ടു പോയതായി പരാതി ബോധിപ്പിച്ചു. പക്ഷേ, സബ്ഇൻസ്പെക്ടർ രാംസിംഹ് കേസ് രജിസ്റ്റർചെയ്യാൻ വിസമ്മതിക്കുകയാണുണ്ടായതു്. കേസ് നടത്തുകയാണെങ്കിൽ അതുനിമിത്തം ഇസ്‌ലാമുദ്ദീനും കുടുംബത്തിനും മാനഹാനിയുണ്ടാകുമെന്നും നയീമയെ താൻ ഉടൻ കണ്ടുപിടിച്ച് ഒച്ചപ്പാടുണ്ടാകാതെ തിരിച്ചേല്പിച്ചുകൊള്ളാമെന്നും ഈ പോലീസ് ഉദ്യോഗസ്ഥൻ അവരോടു പറഞ്ഞു.

നയീമയുടെ മാതാപിതാക്കൾ മൂന്നു ദിവസം ഭോപാ പോലീസ്‌സ്റ്റേഷനു ചുറ്റും കറങ്ങിനടന്നു. പിന്നീടു് നിരാശരായ അവർ പോലീസ്‌സൂപ്രണ്ട് എം. എസ്. ബാലിയുടെ സഹായം തേടി. അതിനുശേഷമേ ഭോപാ പോലീസ്‌സ്റ്റേഷനിൽ നയീമയുടെ മാതാപിതാക്കളുടെ പരാതി രജിസ്റ്റർചെയ്യപ്പെട്ടുള്ളു.

നയീമയെ തട്ടിക്കൊണ്ടുപോയ ഏഴു് ആളുകളുടെ പേരുകൾ അവളുടെ ഉമ്മ ജമീല പോലീസ്‌സ്റ്റേഷനിൽ എഴുതിക്കൊടുത്തിരുന്നു. അവരിൽ ഒരാൾ അയൽവീട്ടുകാരനായ സത്താർഖാനാണ്. മറ്റു് ആറുപേർ അടുത്തുള്ള ചില ഗ്രാമങ്ങളിൽ പാർക്കുന്നവരാണു്. എന്നിട്ടും, അവരിൽ ആരെയെങ്കിലും കസ്റ്റഡിയിൽ എടുക്കുന്നതിനു് പോലീസ് ഒരു പരിശ്രമവും ചെയ്തില്ല.

ഒടുവിൽ ഗത്യന്തരമില്ലാതെ ജമീല 1989 ജൂൺ 17-ാം തീയതി 'സിസൗലി' എന്ന സ്ഥലത്തു ചെന്നു് ഭാരതീയ കിസാൻ യൂണിയന്റെ (ബി. കെ. യു.) തലവനായ മഹേന്ദ്രസിംഹ് ടികൈതിനെ കണ്ടു. മാസന്തോറും പതിവുള്ള തന്റെ 'പഞ്ചായത്ത്' (ഗ്രാമീണ സമ്പർക്കപരിപാടി) നടത്തുകയായിരുന്ന ടികൈത് ജമീലയെ സഹായിക്കാമെന്നേറ്റു.

ട്രാക്ടറുകളിലും കാളവണ്ടികളിലും മറ്റു വാഹനങ്ങളിലുമായി ആയിരക്കണക്കിനു ബി. കെ. യു. പ്രവർത്തകർ ആഗസ്റ്റ് 2-ാം തീയതി ഭോപ പോലീസ് സ്റ്റേഷൻ പരിസരത്തിലേക്കു യാത്രയായി. ഉച്ചഭാഷിണികളിലൂടെ മുദ്രാവാക്യങ്ങളും ചെറു പ്രസംഗങ്ങളും പ്രക്ഷേപണംചെയ്തുകൊണ്ടുള്ള ഈ യാത്രയുടെ ലക്ഷ്യം ഭോപായിലെ സർക്കാർ ആപ്പീസുകൾ വളഞ്ഞു് അവയുടെ പ്രവർത്തനം സ്തംഭിപ്പിക്കുകയായിരുന്നു. ആപ്പീസുകൾക്കുപുറമേ ഉദ്യോഗസ്ഥന്മാരുടെ വീടുകൾക്കു മുമ്പിലും ധർണ നടത്തുവാൻ ഇവർക്കു് ഉദ്ദേശ്യമുണ്ടായിരുന്നു ഈ യാത്ര പോലീസ് നിരോധിച്ചു. നിരോധം ലംഘിക്കപ്പെട്ടപ്പോൾ ബി. കെ. യു. പ്രവർത്തകർക്കെതിരെ സംസ്ഥാനത്തിലെ സായുധപോലീസ് (പി. എ. സി.) ലാത്തിച്ചാർജ് നടത്തുകയും വെടിവയ്ക്കുകയുംചെയ്തു. പ്രവർത്തകരെ പോലീസ് അറസ്റ്റ്ചെയ്തു് ദൂരെ കൊണ്ടുപോയി വിട്ടു. കർഷകരുടെ സത്യാഗ്രഹവും അറസ്റ്റും ഇപ്പോഴും ഭോപായിൽ ദിവസേന നടന്നുകൊണ്ടിരിക്കുകയാണെന്നാണു് അറിയുന്നതു്.

എന്തുകൊണ്ടാണു് പോലീസ് ഈ കേസ്സിൽ നിഷ്ക്രിയത്വം പുലർത്തിയതു്? സീക്രി ഗ്രാമത്തിലെ രണ്ടു തവണ തിരഞ്ഞെടുക്കപ്പെട്ട 'പ്രധാൻ' ആയ ഷുജാ-ഉർ-റഹ്മാനു് നയീമയുടെ അപഹരണത്തിലും വധത്തിലും പങ്കാളിത്തമുണ്ടെന്നാണു് ഗ്രാമീണരിൽ അധികംപേരും കരുതുന്നതു്. ഷുജാ-ഉർ-റഹ്മാന്റെ ബന്ധുവാണു് പോലീസുകാർ സംശയിച്ച് ആദ്യം അറസ്റ്റ്ചെയ്തു് ഉടൻതന്നെ വിട്ടയച്ച അഹമ്മദ് ഹസൻ. സ്ഥലത്തെ എം. എൽ. എ. യും, ഉത്തർപ്രദേശിലെ ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന സ്റ്റേറ്റ് മന്ത്രിയും തന്റെ ബന്ധുവും ആയ സയീദ്-ഉൽ-ജമായുടെമേൽ തനിക്കുള്ള സ്വാധീനം ഉപയോഗിച്ച് ഷുജാ-ഉർ-റഹ്മാൻ പോലീസിനെ ഈ കേസ് അന്വേഷിക്കുന്നതിൽനിന്നു തടഞ്ഞതാണെന്നു് പരക്കെ വിശ്വസിക്കപ്പെടുന്നു. അഹമ്മദ് ഹസനെ അറസ്റ്റ് ചെയ്തപ്പോൾ അയാളുടെ വീട്ടിൽ എവിടെനിന്നൊക്കെയോ തട്ടിക്കൊണ്ടു വന്ന അഞ്ചു പെൺകുട്ടികളുണ്ടായിരുന്നു എന്നും ഈ പെൺകുട്ടികൾക്കു് പിന്നീടെന്തുപറ്റി എന്നറിഞ്ഞുകൂടെന്നും ഗ്രാമീണർ പറയുന്നു. നയീമയും ആ വീട്ടിൽ ഉണ്ടായിരുന്നുവെന്നും പോലീസുകാർ കേസ് അന്വേഷിക്കാൻ വരുന്ന വിവരം ഷുജാ-ഉർ-റഹ്മാൻ മുൻകൂട്ടി അറിയിച്ചതിനാൽ അഹമദ് ഹസൻ അവളെ തൽക്കാലം വേറെ എങ്ങോട്ടോ മാറ്റിയതാണെന്നുംകൂടി അവർ ആരോപിക്കുന്നുണ്ടു്.

ഇപ്പോൾ ഈ കേസ്സിന്റെ അന്വേഷണം ഉത്തർപ്രദേശിലെ രഹസ്യപ്പോലീസ് (സി. ഐ. ഡി.) വകുപ്പിനെ ഏല്പിച്ചിരിക്കുകയാണ്. നയീമയുടെ വിവരങ്ങൾ അറിയിക്കുന്നവർക്ക് അയ്യായിരം രൂപ സമ്മാനമായി നൽകാമെന്ന ഒരു വിളംബരം രഹസ്യപ്പോലീസുകാർ പ്രസിദ്ധീകരിച്ച അതേ ദിവസമാണ് അവളുടെ ശവം ഗംഗാകനാലിന്റെ തീരത്തു പ്രത്യക്ഷപ്പെട്ടത് എന്നത് അർത്ഥഗർഭമാകുന്നു. ഈ കേസ് സംബന്ധിച്ച് ഒരു ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തിക്കണമെന്ന ആവശ്യം ഇപ്പോൾ മഹേന്ദ്രസിംഹ് ടികൈത് ഉന്നയിച്ചിട്ടുണ്ട്.

നയീമയുടെ ഉമ്മ ജമീലയും ഏതാനും അയൽക്കാരും ചേർന്ന് തങ്ങളുടെ എം. എൽ. എ. യും ആഭ്യന്തരവകുപ്പിലെ സ്റ്റേറ്റ് മന്ത്രിയെന്ന നിലയിൽ ഉത്തർപ്രദേശിലെ പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിയുമായ സയീദ് ഉൽജമായുടെ വീട്ടിൽ പരാതി ബോധിപ്പിക്കാൻ പോവുകയുണ്ടായി. ജമീലയും നയീമയും വേശ്യകളാണെന്നും നയീമ സ്വന്തം ഇഷ്ടപ്രകാരം ഒളിച്ചോടിപ്പോയതാണെന്നും പറഞ്ഞ് മന്ത്രി അവരെ വീട്ടിൽനിന്ന് അടിച്ചിറക്കുകയാണത്രെ ഉണ്ടായത്.

ഭോപായിൽ നയീമയുടെ ശവം മുസ്ലീം ആചാരപ്രകാരം മറവുചെയ്യുമ്പോൾ അമ്പതിനായിരം കർഷകർ സന്നിഹിതരായിരുന്നുവെന്ന് 'ധർമയുഗ്' വാരിക (സെപ്തംബർ 3) പറയുന്നു.

നയീമ കേസ്സിൽ പോലീസിനെതിരായ പ്രക്ഷോഭം ഏറ്റെടുത്തതോടെ ഉത്തർപ്രദേശിലെ കർഷകർക്കിടയിൽ മുമ്പുതന്നെ മഹേന്ദ്രസിംഹ് ടികൈതിനുണ്ടായിരുന്ന സ്വാധീനശക്തി വളരെ വർദ്ധിച്ചിരിക്കുകയാണ്. മഹാരാഷ്ട്രത്തിലെ 'ശേത്കരി സംഘടൻ' എന്ന കർഷകപ്രസ്ഥാനത്തിന്റെ നേതാവായ ശരത് ജോഷി, സ്വാമി അഗ്നിവേശ് മുതലായ കർഷകനേതാക്കൾ ആഗസ്റ്റ് 17-ാം തീയതി ഭോപായിലെത്തി ടികൈതിനെ കാണുകയും ഈ പ്രക്ഷോഭത്തിൽ നാടെങ്ങുമുള്ള കർഷകസംഘടനകളുടെ സഹകരണം അദ്ദേഹത്തിനുണ്ടാകുമെന്ന് ഉറപ്പു നൽകുകയും ചെയ്തു. ഒക്ടോബർ 2-ാം തീയതി ഗാന്ധിജയന്തിദിവസം ടികൈതും ശരത്ജോഷിയും ചേർന്ന് ദില്ലിയിലെ ബോട്ട്ക്ലബ് മൈതാനത്തിൽ ഒരു കർഷകറാലി സംഘടിപ്പിക്കാൻ പിന്നീട് തീരുമാനിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് കർഷകർ സ്വന്തം വാഹനങ്ങളുമായി ദില്ലി വളഞ്ഞാൽ ഉണ്ടാകാവുന്ന സ്ഥിതിവിശേഷം ഊഹിക്കാവുന്നതേയുള്ളു.

പൊതുതിരഞ്ഞെടുപ്പ് ആസന്നമായ ഈ സന്ദർഭത്തിൽ ഉയർന്നുവരുന്ന മറ്റൊരു പ്രശ്നമുണ്ട്. ടികൈതിന്റെയും ശരത് ജോഷിയുടെയും കർഷകപ്രസ്ഥാനങ്ങൾ ഏതു പാർട്ടിയെയാണു സഹായിക്കുക? നിർണായകമായ സ്വാധീനം തിരഞ്ഞെടുപ്പിൽ ചെലുത്താൻ ഈ കർഷകപ്രസ്ഥാനങ്ങൾക്കു കഴിയും. ഇന്നോളം ടികൈത് തന്റെ സംഘടനയെ പാർട്ടി രാഷ്ട്രീയത്തിന്റെ ചങ്ങലക്കെട്ടുകളിൽ കുടുങ്ങാതെ നോക്കിയിട്ടുണ്ട്. കർഷകരുടെ അവകാശങ്ങളിലാണ് അദ്ദേഹം ഇതുവരെ ഊന്നിപ്പോന്നത്. പോലീസിന്റെ സക്രിയമായ സഹായത്തോടെയോ നിഷ്ക്രിയമായ ഔദാസീന്യത്തോടെയോ ഇന്ത്യയിലെ ഗ്രാമങ്ങളിൽ ഉടനീളം നടന്നുവരുന്ന മാനഭംഗം, കൈയേറ്റം, അപഹരണം, ബലാൽക്കാരം, കൊല എന്നിവയിൽനിന്നു കർഷകസ്ത്രീകളെ രക്ഷിക്കാനുള്ള ഒരു പ്രസ്ഥാനത്തിന്റെ നായകത്വം അദ്ദേഹം ഏറ്റെടുത്തിരിക്കുകയാണ്. 'മഹാത്മാ ടികൈത്' എന്ന് ഗ്രാമീണർ ഇപ്പോൾത്തന്നെ അദ്ദേഹത്തെ വിശേഷിപ്പിച്ചുതുടങ്ങിയിട്ടുണ്ട്. ഉത്തരേന്ത്യയിലെ കർഷകർക്കിടയിൽ തനിക്കുള്ള അപാരമായ സ്വാധീനം വരുന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിക്കെതിരായി മഹേന്ദ്രസിംഹ് ടികൈത് ഉപയോഗപ്പെടുത്തുമെന്നു കരുതാനാണ് ഇപ്പോൾ ന്യായം കാണുന്നത്.

(ഭോപാസമരം സെപ്തംബർ 8 മുതൽ പിൻവലിച്ചിട്ടുണ്ട്.)